പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. പദ്ധതി പൂർത്തിയായാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും. അദ്ദേഹം രണ്ടുകാര്യങ്ങളാണ് സബ്മിഷനിലൂടെ പറഞ്ഞത്. രണ്ടാമതു പറഞ്ഞത് മൂലത്തറയിൽ നിന്നും ഇടതുകര കനാലിൽ നിന്നുമുള്ള ലിങ്ക് കനാലിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചാണ്. ആ വർക്ക് ഏറ്റെടുക്കാൻ ജില്ലാ തലത്തിൽ തീരുമാനിച്ച് സ്റ്റേറ്റ് ലവലിൽ പ്രൈസിസ് മാനേജ്മെന്റ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. 330 ലക്ഷംരൂപയാണ് അതിന്റെ ചെലവ് പ്രതീക്ഷിക്കുന്നത്. പ്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് സാങ്ഷൻ കൊടുക്കുമോ എന്നറിയില്ല. ഇല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിയും ഞാനുമായിട്ട് ചർച്ച നടത്തി വേറെയെന്തെങ്കിലും മാർഗ്ഗം കണ്ടെത്താനുള്ള ശ്രമം നടത്താം. പലകപ്പാണ്ടിയുമായിട്ട് വളരെ ബന്ധമുള്ള സംഗതിയല്ല, ആ കാര്യത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്.

(4) ഇരവിപുരത്ത് പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് നഷ്ടപരിഹാരവും ഇത്തരം ദുരന്തം ഒഴിവാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കലും

ശ്രീ. എ. എ. അസീസ്: ഇരവിപുരം തീരദേശത്ത് കഴിഞ്ഞ മാസമുണ്ടായ പ്രകൃതിക്ഷോഭവും ന്യൂനമർദ്ദവും മൂലം 68 ഭവനങ്ങൾ പൂർണ്ണമായി നഷ്ടപ്പെടുകയും, 200-ലധികം വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഭവനരഹിതരായിട്ടുള്ളവരെ അവിടെ അഭയ കേന്ദ്രത്തിൽ താമസിപ്പിച്ചിരിക്കുകയാണ്. പുറംപോക്കിലാണ് അവർ താമസിച്ചിരുന്നത്. അതുകൊണ്ട് പുനരധിവാസത്തിന് ഭൂമിയുംവീടും കണ്ടെത്തേണ്ടിയിരിക്കുന്നു. അതിന് ആവശ്യമായ സഹായ മുണ്ടാകണം. ഈ ദുരിതബാധിത പ്രദേശത്ത് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് സന്ദർശിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, 2004 മേയ് മാസം 3 മുതൽ കേരളത്തിന്റെ കടൽത്തീരങ്ങളിൽ പ്രത്യേകിച്ച് കനത്ത മഴയും കടലാക്രമണവും തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ 25 വർഷക്കാലത്തെ ഏറ്റവും രൂക്ഷമായ കടലാക്രമണമാണ്. ഈ കടലാക്രമണത്തിന് വിധേയമായ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആശ്വാസം എത്തിക്കുന്നതിനു ഫിഷറീസ് ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും സംയുക്തമായി ടീമിനെ നിയോഗിച്ചു. ഈ കഴിഞ്ഞ 30-ാം തീയതിവരെയുള്ള നഷ്ടങ്ങൾ ഞങ്ങൾ പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒരു പാക്കേജ് ക്യാബിനറ്റിൽ സമർപ്പിച്ച്. ആ പാക്കേജിന്റെ അടിസ്ഥാനത്തിലായിരിക്കും സഹായം എത്തിച്ചുകൊടുക്കുക. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഇരവിപുരം പ്രദേശത്ത് ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 37 വീടുകൾ പൂർണ്ണമായും 33 വീടുകൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. എല്ലാവരും സർക്കാർ പുറംപോക്ക് ഭൂമികളിലാണ് താമസിക്കുന്നത്. അവർക്ക് പട്ടയം നൽകിയിട്ടില്ല. അവർക്ക് കൈവശരേഖ എത്രയുംവേഗം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ ഫിഷർമെൻ കോളനിയിലെ അമ്പത് കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് 30 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. ഇതൊക്കെ വച്ചുകൊണ്ടുള്ള ക്രമീകരണം ഇരവിപുരം പ്രദേശത്ത് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് സൗകര്യമുള്ള ദിവസം ഞാൻ പ്രദേശം സന്ദർശിക്കാം.

(5) മൂവാറ്റുപുഴയിൽ ബൈപ്പാസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ മൂവാറ്റുപുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ് എം.സി. റോഡ് കടന്നു പോകുന്നത്. എം.സി. റോഡിന്റെ വികസനം ഇപ്പോൾ കെ.എസ്.ടി.പി. ഏറ്റെടുത്ത് നടപ്പാക്കിവരുകയാണ്. പക്ഷേ പട്ടണ പ്രദേശത്ത് ഈ വികസനം കടന്നുവരുന്നില്ല. ഇന്ന് മൂവാറ്റുപുഴയിലൂടെ യാത്രചെയ്ത് വരുന്നവർക്ക് അങ്ങ് ഉൾപ്പെടെയുള്ള ആളുകൾക്ക് അറിയാം ഗതാഗത കുരുക്ക് അവിടെ നിത്യസംഭവമാണ്. ഗതാഗത ക്കുരുക്ക് ഒഴിവാക്കുവാൻ ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ട് വളരെക്കാലമായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം പലപ്പോഴായികൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ എം. സി. റോഡിന്റെ വികസനം പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂവാറ്റുപുഴ പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് ഒരു ബൈപ്പാസ് നിർമ്മിച്ച് അതുവഴി കടന്നുവരുന്ന ആളുകളെ രക്ഷിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മൂവാറ്റുപുഴയിലെ ഗതാഗതക്കുരുക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഈ സ്ഥലത്ത് ഇപ്പോൾ നടന്നുവരുന്ന വികസന പ്രവർത്തന ങ്ങൾക്ക് പുറമേ ഒരു ബൈപ്പാസ് നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ആലോചനയിലുണ്ട്. ഇതുപോലുള്ള ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മറ്റ് പല പട്ടണങ്ങളിലും ബൈപ്പാസ് നിർമ്മിക്കണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇപ്പോൾ നടപ്പാക്കിവരുന്ന കെ.എസ്.ടി.പി. 1-ൽ ഉൾപ്പെടാത്ത റോഡുകളുടെ വികസനത്തിന് ലോകബാങ്ക് ധനസഹായത്തോടുകൂടി മറ്റൊരു റോഡ് വികസന പദ്ധതിക്ക് രൂപകൽപ്പന ചെയ്തുവരുകയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മിക്കുന്നകാര്യം സർക്കാർ പരിശോധി ക്കുന്നതാണ്.

(6) കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡ് നിയമനം

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണൂർ ജില്ലയിൽ എക്സൈസ് ഗാർഡ് ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചിട്ടില്ല. പലർക്കും പ്രായപരിധി കഴിയാൻ പോവുകയാണ്. ഇനി അവർക്ക് തൊഴിൽ കിട്ടുകയുമില്ല. അതുകൊണ്ട് എടക്കോടുപോലുള്ള സ്ഥലങ്ങളിൽ എക്സൈസ് റെയ്ഞ്ചുകൾ നിർത്തിവച്ചത് പുനസ്ഥാപിച്ചും കേരള കർണ്ണാടക അതിർത്തിയായ ഇരിട്ടിയിൽ ചെക്ക് പോസ്റ്റില്ല. അവിടെ സ്പിരിറ്റ് ഒഴുകുകയാണ്. അവിടെ പുതിയ റെയ്ഞ്ചുകൾ അനുവദിച്ചും പഴയങ്ങാടിപോലുള്ള സ്ഥലങ്ങളിൽ റെയ്ഞ്ചുകൾ അനുവദിച്ചും ചെക്ക്പോസ്റ്റിലെ അംഗസംഖ്യ വർദ്ധിപ്പിച്ചും അവർക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly